# അരാവലി ദേവാലയത്തിൽ വി.കുർബാനയും മദ്ധ്യസ്ഥപ്രാർത്ഥനയും.

ഗുഡ്ഗാവ്: അരാവലി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് റിട്രീറ്റ് സെൻററിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഖ്യാപിത ദ്വിതീയ പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ മാർ ദിവന്നാസിയോസ് ദേവാലയത്തിൽ എല്ലാം മാസവും രണ്ടാം ശനിയാഴ്ച വി. കുർബാന നടത്തി വരുന്നു. August 8 -ാം തീയതി ശനിയാഴ്ച രാവിലെ ഏഴ് മണിക്ക് പ്രഭാത നമസ്ക്കാരവും തുടർന്ന് വി.കുർബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. ഗുഡ്ഗാവ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക വികാരി ഫാ. ഫിലിപ്പ് എം. സാമുവേൽ കാർമികത്വം വഹിക്കും. വി.കുർബാനയിൽ ഓർക്കുവാനുള്ള പേരുകൾ മുൻകൂട്ടി ഇ-മെയിൽ ആയി qurbanaperukal@gmail.com എന്ന ഐഡിയിൽ അയയ്ക്കാവുന്നതാണ്. വി.കുർബാനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ക്രമീകരണങ്ങൾക്കായി 8447330654 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.